18.02.24 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 31-12-98

# ധൈര്യത്തിന്റെ ആധാരത്തിൽ സ്വയത്തെ പരിശ്രമ മുക്തമായ സദാ വിജയി ആയി അനുഭവം ചെയ്യൂ

ഇന്ന് നവയുഗ രചയിതാവായ ബാപ്ദാദ തൻറെ അതി സ്നേഹി സദാ സഹയോഗിയും അതി സമീപവുമായ കുട്ടികൾക്ക് നവയുഗം, നവജീവിതം, നവവർഷത്തിന്റെ ആശംസയേകാൻ വന്നിരിക്കുകയാണ്. നാനാഭാഗത്തെയും കുട്ടികൾ അതിസ്നേഹത്തോടെ ബാപ്ദാദയെ ഹൃദയത്തിൽ സന്മുഖത്ത് വെച്ച് ആശംസകൾ എടുത്തു കൊണ്ടിരിക്കുകയാണ്. ബാപ്ദാദ കുട്ടികളുടെ നവവർഷത്തിന്റെ ഉണർവുത്സാഹത്തെ കണ്ട് ഹർഷിതമാവുകയാണ്. ഭൂരിഭാഗം കുട്ടികളും ദൂരെയിരിക്കുകയാണെങ്കിലും സമീപത്ത് ഇരിക്കുകയാണെങ്കിലും എല്ലാവരുടെയും മനസ്സിൽ ഇതേ ഉണർവുത്സാഹമാണ് ഈ വർഷത്തിൽ നവീനത ചെയ്ത് കാണിക്കുക തന്നെ ചെയ്യും.സ്വന്തം പരിവർത്തനത്തിൽ ആണെങ്കിലും സേവനത്തിന്റെ സഫലതയിൽ ആണെങ്കിലും ഓരോ ആത്മാവിന് ശുഭ ഭാവന, ശുഭകാമനയിലൂടെ പരിവർത്തനപ്പെടുത്തുന്നതിൽ ഉണർവും നല്ലതാണ്, ഉത്സാഹവും വളരെ നല്ലതാണ്. ഒപ്പം ഒപ്പം ധൈര്യവും യഥാശക്തിയുണ്ട്. ബാപ്ദാദ ഇങ്ങനെ ധൈര്യവാന്മാരായ കുട്ടികൾക്ക് ഒരു സങ്കല്പത്തിന് പുറകെ കോടിമടങ്ങ് സഹായം അവശ്യം നൽകുന്നു. അതിനാൽ ധൈര്യത്തോടെ സദാ മുന്നേറൂ. ഒരിക്കലും സ്വയത്തെ പ്രതിയോ അന്യാത്മാക്കളെ പ്രതിയോ ധൈര്യം കുറയ്ക്കാൻ പാടില്ല. എന്തെന്നാൽ ഈ നവയുഗം തന്നെയാണ് ധൈര്യം വയ്ക്കുന്നതിലൂടെ പറക്കാനുള്ള യുഗം, വരദാനി യുഗം, പുരുഷോത്തമ യുഗം, നേരിട്ട് വിധാതാവിൽ നിന്ന് സമ്പത്തായി സഹജമായി പ്രാപ്തമാക്കാനുള്ള യുഗം. അതിനാൽ ഈ യുഗത്തിന്റെ മഹത്വത്തെ സദാസ്മൃതിയിൽ വയ്ക്കൂ. ഏതൊരു കാര്യം ആരംഭിക്കുമ്പോഴും സുപുരുഷാർത്ഥം ആകട്ടെ, വിശ്വ സേവനം ആകട്ടെ, സദാ ധൈര്യത്തിലൂടെയും ബാപ്ദാദയുടെ സഹായത്തിലൂടെയും നിശ്ചയം തന്നെയാണ് സ്വപുരുഷാർത്ഥത്തിൽ അഥവാ സേവനത്തിൽ സഫലത ഉണ്ടായത് തന്നെയാണ്.സംഭവിക്കുക തന്നെ വേണം. അസംഭവ്യം സംഭവ്യമാവുക തന്നെ വേണം എന്തെന്നാൽ ഈ യുഗം സഫലതയുടെ യുഗമാണ്. അസംഭവ്യം സംഭവ്യമാകാനുള്ള യുഗമാണ്. അതിനാൽ സംഭവിക്കുമോ സംഭവിക്കില്ലയോ, എങ്ങനെ നടക്കും എന്ന ചോദ്യം ഈ യുഗത്തിൽ താങ്കൾ ബ്രാഹ്മണാത്മാക്കൾക്ക് ഇല്ലേയില്ല.ബ്രാഹ്മണരുടെ ജാതകത്തിൽ ഉണ്ട് സഫലത ജന്മ സിദ്ധ അധികാരമാണ്. അധികാരി ആത്മാക്കൾക്ക് ഇത് ചിന്തിക്കേണ്ടതിൻറെ ആവശ്യമില്ല സമ്പത്ത് ലഭിക്കുക തന്നെയാണ്.

അപ്പോൾ പുതുവർഷത്തിൽ ഈ വിശേഷ സ്മൃതി എമർജ് ചെയ്യൂ എല്ലാ വശത്തും നിന്നും സഫലത ശ്രേഷ്ഠ ബ്രാഹ്മണാവായ എനിക്ക് അധികാരം തന്നെയാണ്. ഈ നിശ്ചയത്തോടെ ആത്മീയ ലഹരിയോടെ പറന്നുകൊണ്ടിരിക്കൂ. (അഭിമാന ലഹരി അല്ല ആത്മീയ ലഹരി) നിശ്ചയ ബുദ്ധി സദാ ഓരോ കാര്യത്തിലും വിജയി തന്നെയാണ്. ഇങ്ങനെ നിശ്ചയ ബുദ്ധി ബ്രാഹ്മണ ആത്മാവിൻറെ മസ്തകത്തിൽ വിജയത്തിൻറെ ഭാഗ്യരേഖ ഉള്ളത് തന്നെയാണ്. വിജയത്തിൻറെ തിലകം സദാ മസ്തകത്തിൽ തിളങ്ങിക്കൊണ്ടിരിക്കുകയാണ്. അതിനാൽ ഈ വർഷത്തെ സദാ വിജയി വർഷമായി അനുഭവം ചെയ്തുകൊണ്ട് പോകൂ. ഇങ്ങനെ നിശ്ചയവും ലഹരിയും ഉണ്ടോ? ഡബിൾ വിദേശികൾക്ക് ഉണ്ടോ? ഡബിൾ വിദേശികൾ സമർത്ഥരാണ്. (എല്ലാവരും കൈവീശി ) വളരെ നല്ലത്. ദൃഷ്ടിയിൽ വരുന്നു. ഭാരതവാസിയോ ഭാഗ്യശാലി തന്നെയാണ് എന്തുകൊണ്ട്? ഭാരതത്തിൻറെ ഭൂമി തന്നെ ഭാഗ്യശാലിയാണ്. അതിനാൽ വിദേശി ആകട്ടെ, ഭാരതവാസിയാകട്ടെ രണ്ടുപേരും ഭാഗ്യവിധാതാവിന്റെ മക്കളാണ് അതിനാൽ ഓരോ ബ്രാഹ്മണ കുട്ടിയും വിജയിയാണ്. കേവലം ധൈര്യത്തെ എമർജ് ചെയ്യൂ. ധൈര്യം അടങ്ങിയിട്ടുണ്ട് എന്തുകൊണ്ടെന്നാൽ മാസ്റ്റർ സർവ്വശക്തിവാനാണ്. ഇങ്ങനെയല്ലേ? (എല്ലാവരും കൈ വീശിക്കൊണ്ടിരിക്കുന്നു) കൈ വളരെ നന്നായി വീശുന്നുണ്ട്. ഇപ്പോൾ മനസ്സുകൊണ്ടും സദാ ധൈര്യത്തിന്റെ കൈ വീശിക്കൊണ്ടിരിക്കുക. ബാപ്ദാദയ്ക്ക് സന്തോഷമാണ്,അന്തസ്സാണ് എൻറെ ഓരോരോ കുട്ടിയും അനേകതവണത്തെ വിജയിയാണ് ഒരു തവണയല്ല അനേകതവണത്തെ വിജയി ആത്മാക്കളാണ്. അപ്പോൾ ഒരിക്കലും ഇങ്ങനെ ചിന്തിക്കരുത് അറിയില്ല എന്താകും? സംഭവിക്കുമോ എന്ന വാക്ക് തന്നെ കൊണ്ടുവരാൻ പാടില്ല. വിജയമുണ്ട് സദാ ഉണ്ടായിരിക്കും എല്ലാവരും പക്കയല്ലേ? വളരെ നല്ലത്. ഇനി പിന്നെ അവിടെ പോയി ഇങ്ങനെ ദുർബല വാർത്ത എഴുതരുത് ദാദിമാരേ, ബാബാ മായ വന്നു. ഇങ്ങനെ എഴുതാൻ പാടില്ല.മായാജിത്താണ്. ഞാൻ ആയില്ലെങ്കിൽ മറ്റാര് ആകും. ഈ ആത്മീയ ലഹരി എമർജ് ചെയ്യൂ. മറ്റ് പല കാര്യങ്ങളിൽ മനസ്സും ബുദ്ധിയും ബിസി ആകുമ്പോൾ ലഹരി അപ്രത്യക്ഷമാകുന്നു. എന്നാൽ ഇടയ്ക്കിടെ പരിശോധിക്കുക കർമ്മം ചെയ്തുകൊണ്ടും ഈ വിജയത്തിൻറെ ആത്മീയ ലഹരി ഉണ്ടോ? നിശ്ചയം ഉണ്ടാകുമെങ്കിൽ ലഹരി തീർച്ചയായും ഉണ്ടാകും. ലഹരി ഉണ്ടെങ്കിൽ ആവശ്യം നിശ്ചയം ഉണ്ട്. രണ്ടിനും സംബന്ധം ഉണ്ട്. അതിനാൽ ഇപ്പോൾ 99 ൽ തന്റെ ലഹരി സദാ എമർജാക്കി വയ്ക്കുക അപ്പോൾ മറവി ഇല്ലാത്തവരായി മാറും.

തെറ്റും ഉണ്ടാവുകയില്ല, പരിശ്രമവും ഉണ്ടാവുകയില്ല. ബാപ്ദാദ ആദ്യമേ പറഞ്ഞതാണ് ബാപ്ദാദ കുട്ടികളെ പരിശ്രമം ചെയ്യുന്നതായി കാണുന്നു, യുദ്ധം ചെയ്യുന്നതായി കാണുന്നു, അപ്പോൾ കുട്ടികളുടെ പരിശ്രമം ബാബയ്ക്ക് നന്നായി തോന്നുന്നില്ല. അതിനാൽ ഈ നവ വർഷത്തെ എങ്ങനെ ആഘോഷിക്കും ? മുക്തി വർഷമായി ആഘോഷിക്കും നെഗറ്റീവ് വേസ്റ്റിനെ സമാപ്തമാക്കി എങ്കിൽ ഈ വർഷം താനെ പരിശ്രമം മുക്ത വർഷമായി മാറും എല്ലാവരും ആനന്ദത്തിൽ കഴിയുന്നവരായി പരിശ്രമം ചെയ്യുന്നവരെല്ലാം ആനന്ദം നന്നായി തോന്നുന്നുണ്ടോ അതോ പരിശ്രമമാണോ നല്ലതായി തോന്നുന്നത്? ആനന്ദമല്ലേ നല്ലത്? അപ്പോൾ ഈ വർഷം മനസ്സിൽ സങ്കല്പത്തിലും പരിശ്രമ മുക്തമാകണം.
ബാപ്ദാദയുടെ അടുക്കൽ കുട്ടികളുടെ കത്തുകൾ അഥവാ കുറിപ്പുകൾ വളരെ നല്ല നല്ല ധൈര്യത്തിന്റെ വന്നിട്ടുണ്ട് ഞാൻ ഇപ്പോൾ മുതൽ 108 ന്റെ മാലയിൽ അവശ്യം വരും ധാരാളം പേരുടെ നല്ല നല്ല ഉണർവിന്റെ കത്തുകളും വന്നിട്ടുണ്ട്, ആത്മീയ സംഭാഷണത്തിലും ധാരാളം പേർ തൻറെ നിശ്ചയത്തിന്റെയും ധൈര്യത്തിന്റെയും നല്ല വാർത്ത നൽകിയിട്ടുണ്ട്. ബാപ്ദാദ ഇങ്ങനെയുള്ള കുട്ടികളോട് പറയുന്നു ബാബ താങ്കൾ ഏവരുടെയും കഴിഞ്ഞതിന് ബിന്ദുവിട്ടിരിക്കുന്നു. അതിനാൽ കഴിഞ്ഞത് ചിന്തിക്കരുത്. ഇപ്പോൾ എന്ത് ധൈര്യം വെച്ചുവോ ധൈര്യത്തിലൂടെയും സഹായത്തിലൂടെയും മുന്നേറിക്കൊണ്ട് പോകു. നവവർഷത്തിന്റെ പുതിയ ഉണർവും വളരെ നല്ല നല്ലതായി എഴുതിയിട്ടുണ്ട്. വിദേശത്തെ കുട്ടികൾ ആകട്ടെ, ദേശത്തിലെ കുട്ടികളാകട്ടെ ബാപ്ദാദ ഇങ്ങനെയുള്ള കുട്ടികൾക്ക് ഇതാണ് വരദാനം നൽകുന്നത് ഇതേ ധൈര്യത്തിൽ, നിശ്ചയത്തിൽ, ലഹരിയിൽ അമർ ഭവ. അമരരായിരിക്കുമല്ലോ ഡബിൾ വിദേശികൾ അമരരായിരിക്കില്ലേ? ഭാരതവാസികളും ഉണ്ടാകില്ലേ? ഭാരതത്തിന് ആണെങ്കിൽ നമ്പർ നേടുക തന്നെ വേണം .പുതിയ വർഷത്തിൽ എന്താണ് ആചരിക്കുന്നത്?ഒന്ന് ഗിഫ്റ്റ് നൽകുന്നു രണ്ടാമത് ആശംസകൾ നൽകുന്നു. മിഠായി നിറയെ കഴിക്കുകയും കഴിപ്പിക്കുകയും ചെയ്യുന്നു.ആടുകയും പാടുകയും വളരെയുണ്ട്. അപ്പോൾ താങ്കൾ കേവലം 12 മണിക്ക് ശേഷം ഒരു ദിവസം പുതുവർഷം ആഘോഷിക്കുകയല്ല. എന്നാൽ ബ്രാഹ്മണ കുട്ടികൾക്ക് ഈ നവയുഗത്തിൽ ഓരോ സമയവും പുതിയതാണ്, ഓരോ ശ്വാസവും പുതിയതാണ്, ഓരോ സങ്കൽപവും പുതിയതാണ്. അതിനാൽ മുഴുവൻ വർഷം, ഒരു ദിവസമല്ല, ഒരാഴ്ചയല്ല, ഒരു മാസമല്ല, നാലുമാസം അല്ല, എട്ടുമാസമല്ല, 12 മാസവും സദാ പരസ്പരം ദുൽഖുഷ് മിഠായി വിതരണം ചെയ്തുകൊണ്ടിരിക്കുക. വിതരണം ചെയ്യുകയില്ലേ ! ദുൽഖുഷ് മിഠായി വിതരണം ചെയ്യാൻ അറിയാമോ എല്ലാവരും സമർത്ഥരാണ്. അപ്പോൾ ദുൽഖുഷ് മിഠായി വിതരണം ചെയ്യുക. അഥവാ ആരെങ്കിലും താങ്കളുടെ ദിൽഖുശ് മിഠായി അവനവൻറെ സ്വഭാവം കാരണം, സംസ്കാരം കാരണം, സമസ്യ കാരണം സ്വീകരിച്ചില്ല എങ്കിലും താങ്കൾ നിരാശരാകരുത്. താങ്കൾ വിതരണം ചെയ്തു. താങ്കളുടെ ആജ്ഞാകാരിയാകുന്നതിന്റെ ചാർട്ട് ബാപ്ദാദയുടെ അടുക്കൽ ശേഖരിക്കപ്പെട്ടു. ഇത് നോക്കരുത് ഞാൻ മിട്ടായി കഴിപ്പിച്ചു എന്നാൽ ഇവരാണെങ്കിൽ നീരസത്തിലായി. സാരമില്ല, അവർ രഹസ്യത്തെ അറിയുന്നില്ലല്ലോ അതിനാൽ നീരസത്തിലായി. താങ്കൾ ആണെങ്കിൽ രഹസ്യത്തെ അറിയുന്നുണ്ടല്ലോ! അപ്പോൾ ഈ രഹസ്യവും അറിഞ്ഞോളൂ ഇവർ കർമ്മകണക്കിന് അഥവാ സമസ്യക്ക് വശപ്പെട്ടിരിക്കുകയാണ്. താങ്കൾ ആജ്ഞാകാരി ആകു. ശരിയല്ലേ !ആജ്ഞാകാരി ആകണ്ടേ! ഇവിടെ വളരെ നന്നായി ശരിയെന്നു പറയുന്നു, അഥവാ താങ്കൾ ഇവിടെ നോക്കുകയാണെങ്കിൽ കൈയും വളരെ നന്നായി വീശുന്നു, സന്തോഷിപ്പിക്കുന്നു. തലയും ആട്ടുന്നു, കയ്യും വീശുന്നു. എന്നാൽ ബാപ്ദാദ പിന്നെയും ഓരോ കുട്ടികളുടെയും മേൽ സദാ സന്തുഷ്ടമായിരിക്കുന്നു. എപ്പോൾ എൻറെ കുട്ടി എന്ന് പറഞ്ഞുവോ അപ്പോൾ ആരായാലും എങ്ങനെയായാലും ബാബ കണ്ട് സന്തോഷിക്കുക തന്നെയാണ്. ബാബ എന്ത് പ്രതിജ്ഞ ചെയ്തു എങ്ങനെയും യോഗ്യരാക്കി കൂടെ കൊണ്ടുപോവുക തന്നെ ചെയ്യണം. കൂടെ പോകേണ്ടേ? കൂടെ പോകുവാൻ തയ്യാറല്ലേ? എല്ലാവരും തയ്യാറാണോ? എവർ റെഡിയാണോ? നല്ലത് എവർ റെഡിയും ആണ് വളരെ നല്ലത്. എവർ ഹാപ്പിയുമാണോ?മായ വരികയാണെങ്കിലോ? പിന്നെ കുറേശ്ശെ കുറേശ്ശെ മനസ്സിൽ നിലവിളിക്കുമോ? ബാബ മായ വന്നേ വന്നേ. നിലവിളിക്കരുത് സ്വയം പറക്കാൻ അനുവദിക്കൂ. മായ താഴെ ഇരിക്കട്ടെ താങ്കൾ പറന്നുപോകു, അപ്പോൾ മായ കണ്ടുകൊണ്ടിരിക്കും. ശരി സന്തോഷത്തിൽ നൃത്തം ചെയ്തുകൊണ്ടുമിരിക്കുക ദിൽ ഖുശ് മിഠായി വിതരണം ചെയ്തുകൊണ്ടുമിരിക്കുക. ഒപ്പം ആരെല്ലാം സംബന്ധസമ്പർക്കത്തിൽ വന്നാലും, അവർക്ക് എന്തെങ്കിലും എന്തെങ്കിലും സമ്മാനം നൽകുക. ആരും വെറും കയ്യോടെ പോകരുത്. ഏത് സമ്മാനം നൽകും?താങ്കളുടെ പക്കൽ ധാരാളം സമ്മാനങ്ങൾ ഉണ്ടല്ലോ. സമ്മാനങ്ങളുടെ സ്റ്റോക്ക് ഇല്ലേ? അപ്പോൾ നൽകുന്നതിൽ പിശുക്കരാകരുത് നൽകിക്കൊണ്ടേ പോവുക. ഉദാര ഹൃദയരാകുക. ആർക്കെങ്കിലും ശക്തിയുടെ സഹയോഗം നൽകു. ശക്തിയുടെ വൈബ്രേഷൻ നൽകു. ആർക്കെങ്കിലും എന്തെങ്കിലും ഗുണത്തിൻറെ സമ്മാനം നൽകു. വായിലൂടെ അല്ല, എന്നാൽ താങ്കളുടെ മുഖത്തിലൂടെയും പെരുമാറ്റത്തിലൂടെയും നൽകു. ഏതെങ്കിലും ഗുണമോ ശക്തിയോ എമർജല്ലെങ്കിലും കുറഞ്ഞത് ചെറിയൊരു ഉപഹാരം എങ്കിലും നൽകുക അത് ഏതാണ്? ശുഭഭാവനയുടെയും ശുഭ കാമനയുടെയും . ശുഭകാമന ചെയ്യു ഇതെൻറെ തിരികെ കിട്ടിയ സഹോദരൻ അഥവാ സഹോദരിയാണ്. തിരികെ കിട്ടി

യതെന്ന് ചിന്തിക്കുമ്പോൾ അശുഭഭാവനയിൽ നിന്ന് ശുഭഭാവനയായി മാറും. ഈ സഹോദരി സഹോദരന്റെയും പറക്കുന്ന കലയുടെ പാർട്ട് ഉണ്ടാകട്ടെ ഇതിനുവേണ്ടി സഹയോഗം, അഥവാ ശുഭഭാവനയാകണം. പല കുട്ടികളും പറയുന്നു ഞാൻ നൽകുന്നു, എന്നാൽ അവർ എടുക്കുന്നില്ല. ശരി ശുഭ ഭാവന എടുക്കുന്നില്ല എന്തെങ്കിലും നൽകുന്നവല്ലോ താങ്കൾക്ക് അശുഭമായ വാക്കുകൾ നൽകുന്നുവെങ്കിൽ, അശുഭമായ വൈബ്രേഷൻ നൽകുന്നുവെങ്കിൽ, അശുഭം പെരുമാറുന്നുവെങ്കിൽ, താങ്കൾ ആരാണ്? താങ്കളുടെ കർത്തവ്യം എന്താണ്?വിശ്വ പരിവർത്തകരാണോ താങ്കളുടെ വ്യാപാരം എന്താണ്?വിശ്വപരിവർത്തകരല്ലേ !അപ്പോൾ വിശ്വത്തെ പരിവർത്തനപ്പെടുത്താൻ കഴിയും, താങ്കളോട് അവർ തലതിരിഞ്ഞത് സംസാരിച്ചു , തലതിരിഞ്ഞ പെരുമാറ്റം കാണിച്ചു എങ്കിൽ അവരുടെ പരിവർത്തനം ചെയ്യാൻ കഴിയില്ലേ? പോസിറ്റീവ് രൂപത്തിൽ പരിവർത്തനം ചെയ്യാൻ കഴിയില്ലേ?നെഗറ്റീവിനെ നെഗറ്റീവ് ആയി തന്നെ ധാരണ ചെയ്യുമോ അതോ നെഗറ്റീവിനെ പോസിറ്റീവിലേക്ക് പരിവർത്തനപ്പെടുത്തി താങ്കൾ ഓരോരുത്തർക്കും ശുഭ ഭാവന , ശുഭ കാമനയുടെ സമ്മാനം നൽകുമോ.ശുഭഭാവനയുടെ സ്റ്റോക്ക് സദാ ശേഖരിച്ച് വയ്ക്കു. താങ്കൾ നൽകി കൊള്ളൂ.പരിവർത്തനം ചെയ്തോളൂ. എങ്കിൽ താങ്കളുടെ വിശ്വപരിവർത്തകൻ എന്ന ടൈറ്റിൽ അത് പ്രായോഗികമായി ഉപയോഗമാകും. ഇത് പക്കയായി മനസ്സിലാക്കിക്കൊള്ളൂ  ആര് സദാ ഓരോരുത്തരെയും പരിവർത്തനപ്പെടുത്തി തൻറെ വിശ്വപരിവർത്തകന്റെ കാര്യം സാകാരത്തിലേക്ക് കൊണ്ടുവരുന്നത്, അവരാണ് സാകാര രൂപത്തിൽ 21 ജന്മത്തിന്റെ ഗ്യാരണ്ടിയോടെ രാജ്യ അധികാരി ആവുക. സിംഹാസനത്തിൽ ഒരു തവണയേ ഇരിക്കുള്ളൂ എന്നാൽ ഓരോ ജന്മത്തിലും രാജ കുടുംബത്തിൽ രാജ്യാധികാരി ആത്മാക്കളുടെ സമീപ സംബന്ധത്തിലാകും. അപ്പോൾ വിശ്വ പരിവർത്തകൻ തന്നെയാണ് വിശ്വരാജ്യ അധികാരി ആകുന്നത്. അതിനാൽ സദാ തന്റെ ഈ കർത്തവ്യം ഓർമ്മ വയ്ക്കൂ  എൻറെ കർത്തവ്യമാണ് പരിവർത്തനം ചെയ്യുക. ദാതാവിന്റെ കുട്ടികൾ ആണെങ്കിൽ ദാതാവായി നൽകിക്കൊണ്ട് പോകൂ, അപ്പോഴേ ഭാവിയിൽ കൈ കൊണ്ട് ആർക്കും നൽകുന്നില്ലെങ്കിലും സദാ താങ്കളുടെ രാജ്യത്തിൽ ഓരോ ആത്മാവും നിറഞ്ഞിരിക്കൂ, ഇത് ഈ സമയത്ത് ദാതാവാകുന്നതിന്റെ പ്രാലബ്ധമാണ്. അതിനാൽ കണക്ക് വയ്ക്കേണ്ട  ഇവർ ഇത് ചെയ്തു,ഇവർ ഇത്ര തവണ ചെയ്തു, മാസ്റ്റർ ദാതാവായി സമ്മാനം നൽകിക്കൊണ്ട് പോകു . ആശംസകൾ എന്താണ് നൽകുക? നോക്കൂ ആർക്കായാലും, ആർക്കെങ്കിലും ആയിരിക്കുമല്ലോ, അപ്പോൾ അവരുടെ വായിലൂടെ മനസ്സിലൂടെ ഇതേ വാക്ക് പുറപ്പെടുന്നു  താങ്കൾക്ക് ആശംസകൾ. പരസ്പരം സന്തോഷം വിതരണം ചെയ്യുന്നുവെങ്കിൽ പറയുന്നു ആശംസകൾ. ഉത്സവം ആഘോഷിക്കുമ്പോൾ പറയുന്നു ആശംസകൾ.ഇങ്ങനെ ആര് താങ്കൾക്ക് മുന്നിൽ വന്നാലും വായിലൂടെ ഇങ്ങനെയുള്ള വാക്ക് പറയൂ , സങ്കൽപ്പത്തിൽ ഇങ്ങനെയുള്ള ശ്രേഷ്ഠ സങ്കല്പം ആകണം. അപ്പോൾ ആര് തന്നെ താങ്കളിൽ നിന്ന് നേടുന്നുവോ അവർ ഓരോ സമയവും ഹൃദയത്തിൽ നിന്ന് ആശംസകൾ അഥവാ ആശീർവാദങ്ങൾ അവശ്യം നൽകും. അപ്പോൾ സദാ ഹൃദയത്തിൽ നിന്ന്, വായിൽ നിന്ന് ആശംസകൾ പുറപ്പെടട്ടെ അഥവാ ആശിർവാദങ്ങൾ പുറപ്പെടട്ടെ  ഇങ്ങനെയുള്ള വാക്കുകൾ സംസാരിക്കൂ, ഇങ്ങനെ സംബന്ധസമ്പർക്കത്തിൽ വരൂ. ആശംസക്ക് യോഗ്യമല്ലാത്ത വാക്കുകൾ പുറപ്പെടരുത്.ഓരോരോ വാക്കും രത്നം പോലെ ആകണം.സാധാരണ സംസാരം ആകരുത്. ബാപ്ദാദ ഇപ്പോൾ വരേയ്ക്കും റിസൾട്ട് കണ്ടു നാളെ മാറും , പക്ഷേ ഇപ്പോൾ വരെയും കണ്ടു  സംസാരത്തിൽ സംയമനവും സ്നേഹവും ഉണ്ടാകണം. ആ സ്നേഹവും കുറഞ്ഞുപോകുന്നു സംയമനവും കുറഞ്ഞു പോകുന്നുണ്ട്. അതിനാൽ ഇങ്ങനെയുള്ള വാക്കുകൾ സംസാരിക്കൂ അത് രത്നങ്ങൾ ആകണം.താങ്കൾ സ്വയം വജ്രതുല്യമാകുന്നു എങ്കിൽ ഓരോ വാക്കും രത്ന സമാനമാകണം.ഇങ്ങനെ മൂല്യവാൻ ആകട്ടെ.സാധാരണമല്ല.സാധാരണവും അല്ല വ്യർത്ഥവും അല്ല .പിന്നെ ഇടയ്ക്കിടെ ബാപ്ദാദ കാണുന്നുണ്ട്  റിസൾട്ട് കേൾപ്പിക്കട്ടെ, എന്തെന്നാൽ 12 മണിക്ക് ശേഷം എല്ലാം സമാപ്തമാക്കണമല്ലോ! അപ്പോൾ ബാപ്ദാദ ഇതും കണ്ടു ചില ചില കുട്ടികൾ ചെറിയ കാര്യത്തിന് വളരെ വിസ്താരം ചെയ്യുന്നു ഇതിൽ എന്താണ് സംഭവിക്കുന്നത്? ആര് അധികം സംസാരിക്കുന്നു അപ്പോൾ വൃക്ഷത്തിൻറെ വിസ്താരം ഉണ്ടാകുന്നത് പോലെ, അതിൽ ബീജം മറഞ്ഞു പോകുന്നു അവർ എങ്ങനെ മനസ്സിലാക്കുന്നു ഞാൻ മനസ്സിലാക്കി കൊടുക്കാനായി വിസ്തരിക്കുകയാണ് എന്നാൽ വിസ്താരത്തിൽ എന്ത് കാര്യം താങ്കൾ മനസ്സിലാക്കി കൊടുക്കാൻ ആഗ്രഹിക്കുന്നുവോ അതിൻറെ സാരം മറന്നുപോകുന്നു, കൂടാതെ വാക്കിനും ശബ്ദത്തിനും ഊർജ്ജവും ഉണ്ട്. എന്ത് പാഴ്സംസാരം ഉണ്ടാകുന്നുവോ, അപ്പോൾ ശബ്ദത്തിന്റെ ഊർജ്ജം കുറഞ്ഞുപോകുന്നു, കൂടുതൽ സംസാരിക്കുന്നവരുടെ ബുദ്ധിയുടെയും ഊർജ്ജം കുറഞ്ഞുപോകുന്നു. ഷോർട്,സ്വീറ്റ് ഈ രണ്ടു വാക്കുകൾ ഓർമ്മിക്കുക. ആരെങ്കിലും കേൾപ്പിക്കുന്നുവെങ്കിൽ അവരോട് പറയുന്നു എനിക്ക് ഇത്രയും കേൾക്കാനുള്ള സമയമില്ല, എന്നാൽ സ്വയം കേൾപ്പിക്കുമ്പോൾ സമയം മറന്നു പോകുന്നു. അതിനാൽ സ്വന്തം ഖജനാക്കളുടെ സ്റ്റോക്ക് ശേഖരിക്കൂ. സങ്കല്പത്തിന്റെ ഖജനാവ് ശേഖരിക്കൂ, സംസാരത്തിന്റെ ഖജനാവ് ശേഖരിക്കൂ, ശക്തികളുടെ ഖജനാവ് ശേഖരിക്കൂ, സമയത്തിന്റെ ഖജനാവ് ശേഖരിക്കൂ, ഗുണങ്ങളുടെ ഖജനാവ് ശേഖരിക്കൂ. പതിവായി രാത്രിയിൽ 2 ഈ ഖജനാക്കളുടെ ചെലവിന്റെ കണക്ക് പരിശോധിക്കൂ. എത്ര സങ്കല്പം വേസ്റ്റിനു പകരം ബെസ്റ്റി

ന്റെ കണക്കിൽ ശേഖരിച്ചു? എത്ര സമയം മികച്ച കണക്കിൽ ശേഖരണം നടത്തി? ഗുണങ്ങളിലൂടെയും ശക്തികളിലൂടെയും ശ്രേഷ്ഠകാര്യം ചെയ്തുവോ? ഗുണങ്ങളെ കാര്യത്തിൽ ഉപയോഗിച്ചുവോ? ശക്തിയെ കാര്യത്തിൽ ഉപയോഗിച്ചുവോ?ഇതാണ് ശേഖരിക്കുക. അപ്പോൾ എല്ലാ സങ്കല്പം, സമയം, ഗുണം, ശക്തി ഇതിൻറെ കണക്ക് പതിവായി രാത്രിയിൽ പരിശോധിക്കൂ, പിന്നെ ആകെ കൂട്ടൂ, എത്ര മിച്ചത്തിന്റെ കണക്ക് വന്നു? ഇതേ മിച്ചം സ്വയത്തിനും സഹയോഗം നൽകിക്കൊണ്ടിരിക്കും മറ്റുള്ളവർക്കും നൽകും . അപ്പോൾ മനസ്സിലായോ എന്തു ചെയ്യണം? എല്ലാവരും ചോദിക്കാറുണ്ടല്ലോ എന്താണ് ചെയ്യേണ്ടത്?അപ്പോൾ ഇനി ഇത് ചെയ്യണം.ആശംസകളും നേടണം, സമ്മാനങ്ങളും നൽകണം, ശേഖരണവും ചെയ്യണം, പരിശ്രമത്തെ വിടണം. മിച്ചത്തിന്റെ മേൽ ശ്രദ്ധ നൽകുമ്പോൾ പരിശ്രമം ചെയ്യേണ്ടി വരികയില്ല.പരിശ്രമ മുക്ത വർഷം ആഘോഷമായി കൊണ്ടാടാം.വേസ്റ്റിൽ നിന്നും നെഗറ്റീവിൽ നിന്നും മുക്തമായ വർഷം ആഘോഷിക്കാം. ബാപ്ദാദ മുക്തി വർഷത്തിന്റെ റിസൾട്ട് ഇപ്പോൾ ചോദിക്കുന്നില്ല ബാപ്ദാദയ്ക്ക് ഓർമ്മയുണ്ട്. റിസൾട്ട് എടുക്കും എത്രപേർ മുക്തി വർഷം ആഘോഷിച്ചു അതോ മാസമാണോ ആഘോഷിച്ചത്?ആറുമാസം ആഘോഷിച്ചു, പകുതി ആഘോഷിച്ചു, മുഴുവൻ ആഘോഷിച്ചു ഈ എല്ലാ കണക്കും എടുക്കട്ടെ? ശരി.

നാനാ ഭാഗത്തെയും അതിസ്നേഹി സമീപ ബ്രാഹ്മണ ആത്മാക്കൾക്ക് നവയുഗത്തിന്റെ രചയിതാവിന്റെ ആശംസകൾ ആശംസകൾ ആശംസകൾ.ഇത് വിടയേകുന്നതിന്റെയും ആശംസയേകുന്നതിന്റെയും സമയമാണ്. സംഗമമാണ്. പഴയ വർഷത്തിന് വിട പഴയ വർഷത്തിനൊപ്പം ഒപ്പം പഴയ കാര്യങ്ങൾ പഴയ സമസ്യകൾ പഴയ സംസ്കാരങ്ങൾ എല്ലാത്തിനും വിട കൂടാതെ പുതിയ ഉണർവുത്സാഹം കൊണ്ട് സമ്പന്ന വർഷത്തിന്റെ ആശംസകൾ. ഈ വർഷത്തെ പരിശ്രമ മുക്ത വർഷമായി ആഘോഷിക്കണം.ഈ വർഷത്തെ സദാ സ്വയത്തിന്റെയും സർവരുടെയും നിർ വിഘ്ന ഭവ എന്ന വരദാനത്തോടെ ആഘോഷിക്കണം. ഈ വർഷത്തെ സദാ വിജയം എൻറെ ജന്മസിദ്ധ അധികാരമാണ് ഈ നിശ്ചയത്തെയും ലഹരിയെയും സദാ ഓരോ കർമ്മം ചെയ്തു കൊണ്ടും എമർജാക്കി വയ്ക്കാനുള്ള വർഷമായി ആഘോഷിക്കണം.ഈ വർഷത്തിൽ ഓരോരുത്തർക്കും ബാപ്ദാദയിൽ നിന്നും ദാദിമാരിൽ നിന്നും നമ്പർവണ്ണായി പോകാനുള്ള സമ്മാനം നേടണം. ഇതിനുവേണ്ടി എല്ലാ വിദേശികൾക്കും ഭാരതവാസികൾക്കും നമ്പർവണ്ണിന്റെ നിശ്ചയം വെച്ച് മുന്നേറണം, മുന്നോട്ട് ഉയർത്തണം. അപ്പോൾ വളരെ വളരെ സ്നേഹ സ്മരണകൾ സഹിതം എല്ലാതരത്തിലും മനസ്സാ വാചാ എല്ലാ രൂപത്തിലും ബാപ്ദാദ കോടാനുകോടിമടങ്ങ് ആശംസകൾ നൽകുകയാണ്. ഇപ്പോൾ ഒരു സെക്കൻഡ് എല്ലാവരും ശക്തിശാലി സങ്കൽപ്പത്തോടെ ദൃഢതയോടെ പഴയ വസ്തുക്കൾക്ക്, പഴയ വർഷത്തിന് പഴയ കാര്യങ്ങൾക്ക് സദാ കാലത്തേക്ക് വിട നൽകൂ. ഒരു സെക്കൻഡ് എല്ലാവരും ദൃഢത സഫലതയാണ് ഈ ദൃഢ സങ്കൽപ്പത്തിൽ സ്ഥിതിചെയ്യൂ, ശരി ഓം ശാന്തി.

## വരദാനം: ആധിയിൽ നിന്നും പരവശരായ ദുഖി ആത്മാക്കളെ ധൈര്യം നൽകി മുന്നോട്ടുയർത്തുന്നവരായ മാസ്റ്റർ ദയാമനസ്കരായി ഭവിക്കട്ടെ.

വർത്തമാനസമയം ധാരാളം ആത്മാക്കൾ ഉള്ളിൽ ആധി കൊണ്ട് ദു?ഖിയും പരവശരുമാണ്, പാവങ്ങളിൽ മുന്നേറാനുള്ള ധൈര്യമില്ല.താങ്കൾ അവർക്ക് ധൈര്യം നൽകൂ. ആർക്കെങ്കിലും പാദം ഇല്ലെങ്കിൽ മരത്തിൻറെ കാല് ഉണ്ടാക്കി കൊടുക്കുമ്പോൾ നടക്കാൻ തുടങ്ങുന്നത് പോലെ.ഇങ്ങനെ താങ്കൾ അവർക്ക് ധൈര്യത്തിന്റെ കാല് നൽകൂ. എന്തെന്നാൽ ബാപ്ദാദ കാണുന്നുണ്ട് അജ്ഞാനി കുട്ടികളുടെ ഉള്ളിൽ എന്താണ് അവസ്ഥ, പുറമേയുള്ള ഷോ ആണെങ്കിൽ വളരെ നല്ലതാണ്,ടിപ്പ് ടോപ്പ് ആണ്. എന്നാൽ ഉള്ളിൽ വളരെ ദു?ഖിയാണ്. അപ്പോൾ മാസ്റ്റർ ദയാമനസ്കരാകൂ.

## സ്ലോഗൻ: വിനീതരാകൂ, കോമളമല്ല, വിനയം തന്നെയാണ് മഹാനത

സൂചന : ഇന്ന് മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ച അന്താരാഷ്ട്ര യോഗ ദിനമാണ്. എല്ലാ ബ്രാഹ്മണ വത്സരും സംഘടിത രൂപത്തിൽ വൈകിട്ട് 6 30 മുതൽ 7 30 വരെ വിശേഷിച്ച് തന്റെ ലൈറ്റ് മൈറ്റ് സ്വരൂപത്തിൽ സ്ഥിതി ചെയ്ത് ജ്ഞാനസൂര്യനായ ബാബയുടെ കിരണങ്ങൾക്കു താഴെ ഇരുന്ന് മുഴുവൻ ഗ്ലോബിനും ശാന്തി, ശക്തി, പവിത്രതയുടെ സകാശ് നൽകുന്നതിന്റെ സേവനം ചെയ്യൂ.